2026
NOVEMBER
25
WEDNESDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

എൻബിഎഫ്സി മേഖലയിൽ വൻ കുതിപ്പെന്ന് ക്രിസിൽ റേറ്റിങ്സ്

2028ഓടെ ആസ്തി 68 ലക്ഷം കോടി



മുംബൈ: ഇന്ത്യയിലെ ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ അടുത്ത രണ്ട് വർഷവും ശക്തമായ വളർച്ച കൈവരിക്കുമെന്ന് റിപ്പോർട്ട്. 2028 മാർച്ചോടെ ഈ മേഖലയിലെ ആകെ ആസ്തി 68 ലക്ഷം കോടി രൂപയിലെത്തുമെന്നാണ് ക്രിസിൽ റേറ്റിങ്സിന്റെ വിലയിരുത്തൽ. സ്വർണവായ്പ, വ്യക്തിഗത വായ്പ, പ്രോപ്പർട്ടിക്ക് ഈടായുള്ള വായ്പ എന്നിവയായിരിക്കും വളർച്ചയിൽ മുന്നിൽ.

നിലവിലെ സാമ്പത്തിക വർഷത്തിലും അടുത്ത സാമ്പത്തിക വർഷത്തിലുമായി ചആഎഇ മേഖലയിലെ ആസ്തി കൈകാര്യം ചെയ്യൽ ശരാശരി 20 ശതമാനം സംയുക്ത വാർഷിക വളർച്ചാനിരക്കിൽ ഉയരുമെന്നാണ് ക്രിസിലിന്റെ പ്രവചനം. 2026 മാർച്ചിൽ 47 ലക്ഷം കോടി രൂപയായിരുന്നു ഈ മേഖലയിലെ അഡങ. ഇത് 2028 മാർച്ചോടെ 68 ലക്ഷം കോടി രൂപയായി ഉയരുമെന്നാണ് പ്രതീക്ഷ.

ഉപഭോക്തൃ ചെലവഴിക്കലിലെ വർധന, വായ്പാ സേവനങ്ങൾ ലഭ്യമാകാത്ത വിഭാഗങ്ങളിലെ വലിയ സാധ്യതകൾ, സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള കൂടുതൽ ഉപഭോക്താക്കളിലേക്കുള്ള എത്തിച്ചേരൽ, ധനകാര്യ സ്ഥാപനങ്ങളുടെ ശക്തമായ സാമ്പത്തിക അടിത്തറ എന്നിവയാണ് വളർച്ചയ്ക്ക് കരുത്താകുന്നത്.

വിവിധ വായ്പാ വിഭാഗങ്ങളിൽ ഏറ്റവും വേഗത്തിൽ വളരുക സ്വർണ വായ്പകളായിരിക്കും. 2026 മാർച്ചിൽ ചആഎഇ ആസ്തിയുടെ എട്ട് ശതമാനമാണ് സ്വർണവായ്പകളുടെ വിഹിതം. ഈ സാമ്പത്തിക വർഷത്തിലും അടുത്ത വർഷത്തിലും ശരാശരി 40 ശതമാനം ഇഅഏഞ വളർച്ചയാണ് പ്രതീക്ഷിക്കുന്നത്.

കഴിഞ്ഞ സാമ്പത്തിക വർഷം സ്വർണവായ്പകളിൽ 78 ശതമാനം വർധന രേഖപ്പെടുത്തിയിരുന്നു. ചെറുകിട ബിസിനസ് ആവശ്യങ്ങൾക്കുള്ള വായ്പാ ആവശ്യകത വർധിക്കുന്നതോടെ പ്രോപ്പർട്ടിക്ക് ഈടായുള്ള വായ്പകളിലും 23 ശതമാനം വളർച്ച പ്രതീക്ഷിക്കുന്നു. വ്യക്തിഗത വായ്പകളും ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കുള്ള വായ്പകളും ഉൾപ്പെടുന്ന അൺസെക്യൂർഡ് ലെൻഡിങ് വിഭാഗത്തിൽ 25 ശതമാനം വളർച്ചയുണ്ടാകുമെന്നാണ് വിലയിരുത്തൽ.

കഴിഞ്ഞ വർഷത്തെ 19 ശതമാനത്തിൽനിന്നുള്ള വർധനയാണിത്. മൈക്രോഫിനാൻസ് മേഖലയും തിരിച്ചുവരവിന്റെ പാതയിലാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഒരു ശതമാനം ചുരുങ്ങിയ ഈ വിഭാഗത്തിൽ 15 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്.

അതേസമയം, ചആഎഇ ആസ്തിയിൽ 20 ശതമാനം വീതം വിഹിതമുള്ള ഭവന, വാഹന വായ്പകൾ താരതമ്യേന സ്ഥിരതയാർന്ന വളർച്ച തുടരും. വാഹന വായ്പകളിൽ 13 ശതമാനവും ഭവന വായ്പകളിൽ 12 ശതമാനവും വളർച്ചയാണ് പ്രവചിക്കുന്നത്.

വായ്പാ വിപണിയിലെ വളർച്ചയ്ക്കൊപ്പം ചില വെല്ലുവിളികളും ക്രിസിൽ ചൂണ്ടിക്കാട്ടുന്നു. ഉയരുന്ന പണപ്പെരുപ്പം, പലിശനിരക്കുകളിലെ മാറ്റങ്ങൾ, കാലവർഷത്തിലെ കുറവ്, ആഗോള രാഷ്ട്രീയ അനിശ്ചിതത്വങ്ങൾ എന്നിവ മേഖലയുടെ വളർച്ചയെ ബാധിച്ചേക്കാം.കൂടാതെ, ഇന്ത്യയിലെ കുടുംബങ്ങളുടെ കടബാധ്യത 2026 മാർച്ചിൽ ജിഡിപിയുടെ 45.9 ശതമാനമായി ഉയർന്നിട്ടുണ്ട്. മൂന്ന് വർഷം മുമ്പ് ഇത് 39 ശതമാനമായിരുന്നു. അതിനാൽ വായ്പകൾ അനുവദിക്കുന്നതിൽ കൂടുതൽ ജാഗ്രതയും തിരിച്ചടവ് ശേഷിയുടെ കൃത്യമായ വിലയിരുത്തലും അനിവാര്യമാണെന്നും ക്രിസിൽ വിലയിരുത്തുന്നു.

ബാങ്കുകളിൽനിന്ന് നേരിട്ട് വായ്പ ലഭിക്കാൻ പ്രയാസമുള്ള ചെറുകിട സംരംഭകർക്കും ഗ്രാമീണ മേഖലയിലെ ഉപഭോക്താക്കൾക്കും എൻബിഎഫ്സിൾ കൂടുതൽ സാമ്പത്തിക പിന്തുണ നൽകുന്നുണ്ട്.

ഡിജിറ്റൽ വായ്പാ സംവിധാനങ്ങളുടെ വ്യാപനവും ശാഖകളുടെ എണ്ണം വർധിപ്പിക്കുന്നതും ഈ സ്ഥാപനങ്ങളുടെ ഉപഭോക്തൃ അടിത്തറ വിപുലീകരിക്കാൻ സഹായിക്കുന്നു. അതേസമയം, സ്വർണവായ്പയിലും വ്യക്തിഗത വായ്പയിലും മത്സരം ശക്തമാകുന്നത് ലാഭസാധ്യതകളെ സ്വാധീനിച്ചേക്കാം.

ബാങ്കുകളിൽനിന്നുള്ള ഫണ്ടിങ് ലഭ്യതയും മികച്ച മൂലധന അടിത്തറയും വളർച്ചയ്ക്ക് പിന്തുണ നൽകുമെങ്കിലും വായ്പകളുടെ ഗുണനിലവാരം ഉറപ്പാക്കുക എന്നത് പ്രധാനമാണ്.

തിരിച്ചടവ് മുടങ്ങുന്ന വായ്പകൾ നിയന്ത്രിക്കുന്നതിനൊപ്പം ശരിയായ ഉപഭോക്താക്കളെ കണ്ടെത്തി വായ്പ അനുവദിക്കുന്നതും വരും വർഷങ്ങളിൽ എൻബിഎഫ്സി സ്ഥാപനങ്ങളുടെ പ്രകടനത്തിൽ നിർണായകമാകും.

ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് കരുത്തായി നിർമാണ മേഖല



ന്യൂദൽഹി: നവംബറിൽ ഇന്ത്യയുടെ സ്വകാര്യ മേഖലയിലെ പ്രവർത്തനങ്ങൾ മികച്ച നിലയിൽ തുടരുന്നു. നിർമാണ മേഖലയിലെ ഉൽപ്പാദന വളർച്ച ശക്തമായതോടെ രാജ്യത്തിന്റെ മൊത്തത്തിലുള്ള ബിസിനസ് പ്രവർത്തനങ്ങളിലും മുന്നേറ്റം രേഖപ്പെടുത്തി.

എച്ച്എസ്ബിസി പുറത്തിറക്കിയ ഫ്ലാഷ് പർച്ചേസിങ് മാനേജേഴ്സ് ഇൻഡക്സ് റിപ്പോർട്ട് പ്രകാരം കോമ്പോസിറ്റ് പിഎംഐ ഒക്ടോബറിലെ 56.2ൽ നിന്ന് നവംബറിൽ 56.3 ആയി ഉയർന്നു. സേവന മേഖലയിലെ വളർച്ചയിൽ നേരിയ മന്ദതയുണ്ടായെങ്കിലും നിർമാണ മേഖലയിലെ മികച്ച പ്രകടനമാണ് മൊത്തത്തിലുള്ള വളർച്ചയ്ക്ക് കരുത്തായത്.

നവംബറിൽ ഇന്ത്യയുടെ നിർമാണ മേഖലയിലെ പിഎംഐ ഒൻപത് മാസത്തെ ഉയർന്ന നിരക്കായ 56ലെത്തി. ഒക്ടോബറിൽ ഇത് 54.7 ആയിരുന്നു. നിർമാണ മേഖലയിലെ ഉൽപ്പാദന സൂചികയും 57ൽ നിന്ന് 58.3 ആയി ഉയർന്നു.

ആഭ്യന്തര വിപണിയിലെ ശക്തമായ ആവശ്യകതയും പുതിയ ഉപഭോക്താക്കളെ ലഭിച്ചതുമാണ് ഉൽപ്പാദന മേഖലയിലെ വളർച്ചയ്ക്ക് പ്രധാന കാരണങ്ങൾ.

അതേസമയം, സേവന മേഖലയിലെ ബിസിനസ് പ്രവർത്തന സൂചിക ഒക്ടോബറിലെ 55.8ൽ നിന്ന് 55.3 ആയി കുറഞ്ഞു. സേവന മേഖലയിലെ വളർച്ച തുടരുന്നുണ്ടെങ്കിലും മുൻ മാസത്തെ അപേക്ഷിച്ച് അതിന്റെ വേഗം കുറഞ്ഞുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

പിഎംഐയിൽ 50ന് മുകളിലുള്ള നിരക്ക് വളർച്ചയെയും 50ന് താഴെയുള്ള നിരക്ക് ചുരുങ്ങലിനെയുമാണ് സൂചിപ്പിക്കുന്നത്. അതിനാൽ നിർമാണ, സേവന മേഖലകൾ രണ്ടും വളർച്ചാ മേഖലയിലാണ് തുടരുന്നത്.

ഇന്ത്യൻ സ്വകാര്യ മേഖലയിലെ പുതിയ ബിസിനസ് ഓർഡറുകൾ ജൂണിന് ശേഷമുള്ള ഏറ്റവും വേഗത്തിലുള്ള വളർച്ച രേഖപ്പെടുത്തി. നിർമാണ മേഖലയിലെ ശക്തമായ ഡിമാൻഡാണ് ഇതിന് പ്രധാന കാരണം. സേവന മേഖലയിലെ പുതിയ ഓർഡറുകളുടെ വളർച്ച മുൻ മാസത്തെ നിലവാരത്തിൽ തുടർന്നു.

വിദേശ വിപണികളിൽ നിന്നുള്ള ആവശ്യകതയിലും വർധനയുണ്ടായി. പുതിയ കയറ്റുമതി ഓർഡറുകൾ നാല് മാസത്തിനിടയിലെ ഏറ്റവും വേഗത്തിലുള്ള വളർച്ച രേഖപ്പെടുത്തി. ഉൽപ്പന്ന നിർമാണ മേഖലയിലെ അന്താരാഷ്ട്ര വിൽപ്പനയിൽ വളർച്ച തുടർന്നപ്പോൾ സേവന മേഖലയിലെ കയറ്റുമതി വളർച്ചയുടെ വേഗം വർധിച്ചു.

നവംബറിൽ സ്വകാര്യ മേഖലയിലെ തൊഴിൽ നിയമനങ്ങളിൽ നേരിയ വർധനയുണ്ടായി. നിർമാണ കമ്പനികൾ കഴിഞ്ഞ ഏഴ് മാസത്തിനിടയിലെ ഏറ്റവും വേഗത്തിലുള്ള നിരക്കിൽ പുതിയ ജീവനക്കാരെ നിയമിച്ചു.

എന്നാൽ സേവന മേഖലയിൽ ഏകദേശം ഒരു വർഷത്തിനിടെ ആദ്യമായി തൊഴിൽ നിയമനങ്ങളിൽ കുറവുണ്ടായി. ഈ ഇടിവ് നേരിയതാണെന്നാണ് റിപ്പോർട്ട്.

സേവന മേഖലയിലെ പൂർത്തിയാകാത്ത ജോലികൾ കുറഞ്ഞതോടെ തുടർച്ചയായ രണ്ടാം മാസവും ബാക്ക്ലോഗിൽ ഇടിവുണ്ടായി. നിർമാണ മേഖലയിൽ പൂർത്തിയാകാത്ത ഓർഡറുകളിൽ നേരിയ വർധനയും രേഖപ്പെടുത്തി.

നവംബറിൽ കമ്പനികളുടെ പ്രവർത്തന ചെലവുകളിലുണ്ടായ വർധന നിയന്ത്രിതമായിരുന്നു. നിർമാണ, സേവന മേഖലകളിൽ അസംസ്കൃത വസ്തുക്കളുടെയും മറ്റ് ഇൻപുട്ടുകളുടെയും വിലയിൽ നേരിയ വർധന മാത്രമാണ് രേഖപ്പെടുത്തിയത്.

വിൽപ്പന വിലയിലെ പണപ്പെരുപ്പം ഒക്ടോബറിനെ അപേക്ഷിച്ച് ഉയർന്നെങ്കിലും ചരിത്രപരമായ ശരാശരിയേക്കാൾ താഴെയായിരുന്നു.

അടുത്ത ഒരു വർഷത്തെ ബിസിനസ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള കമ്പനികളുടെ ആത്മവിശ്വാസവും മെച്ചപ്പെട്ടു. മേയ് മാസത്തിന് ശേഷമുള്ള ഏറ്റവും ഉയർന്ന നിലയിലാണ് നവംബറിലെ ബിസിനസ് പ്രതീക്ഷകൾ. നിർമാണ, സേവന മേഖലകളിൽ ഒരുപോലെ ശുഭാപ്തിവിശ്വാസം വർധിച്ചിട്ടുണ്ട്. അതേസമയം, ഈ സൂചിക ദീർഘകാല ശരാശരിയേക്കാൾ താഴെയാണ്.



4.4 ലക്ഷം കോടിയിലേക്ക് ആഗോള റബർ വിപണി

കോട്ടയം: ആഗോള പ്രകൃതിദത്ത റബർ വിപണിയുടെ മൂല്യം 2036ഓടെ 4,900 കോടി ഡോളറിലെത്തുമെന്ന് വിപണി ഗവേഷണ സ്ഥാപനമായ ഫ്യൂച്ചർ മാർക്കറ്റ് ഇൻസൈറ്റ്സിന്റെ പുതിയ റിപ്പോർട്ട്.

ഇന്ത്യൻ രൂപയിൽ ഏകദേശം 4.4 ലക്ഷം കോടിയിലധികം വരുമിത്. 2026ൽ 3,280 കോടി ഡോളർ മൂല്യമുള്ള വിപണി അടുത്ത പത്ത് വർഷത്തിനിടെ പ്രതിവർഷം ശരാശരി 4.1% വളർച്ച നേടുമെന്നാണ് വിലയിരുത്തൽ.

2025ൽ വിപണിയുടെ മൂല്യം 3,150 കോടി ഡോളറായിരുന്നു. 2036ഓടെ വിപണിയിൽ 1,620 കോടി ഡോളറിന്റെ അധിക മൂല്യം സൃഷ്ടിക്കപ്പെടുമെന്നാണ് പ്രവചനം.

അതിനിടെ സംസ്ഥാനത്ത് റബർവില താഴുന്നതിനിടെ ഇറക്കുമതി ഉയർത്തി ടയർ കമ്പനികൾ. റബർ വില 300 പിന്നിടുമെന്ന സൂചനകൾ വന്നതോടെയാണ് പരമ്പരാഗത ഇറക്കുമതി രാജ്യങ്ങൾക്കു പകരമായി ആഫ്രിക്കയിലേക്ക് ടയർ കമ്പനികൾ തിരിഞ്ഞത്.

1,500 മെട്രിക് ടൺ പ്രകൃതിദത്ത റബർ ആണ് വിഴിഞ്ഞം തുറമുഖം വഴി കോട്ടയത്തെ കമ്പനി ഇറക്കുമതി ചെയ്തത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

ജലജീവികളിലെ രോഗനിർണയവും വാക്സിൻ വികസനവും: കുസാറ്റിൽ അന്താരാഷ്ട്ര ശില്പശാലയ്ക്ക് തുടക്കം

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് മറൈൻ സയൻസസിന് കീഴിലുള്ള സെന്റർ ഓഫ് എക്സലൻസ് ഫോർ അക്വാട്ടിക് വാക്സിൻ ഡെവലപ്മെന്റിന്റെ ആഭിമുഖ്യത്തിൽ 'അഡ്വാൻസിങ് ഡിസീസ് ഡയഗ്നോസ്റ്റിക്സ് ആൻഡ് വാക്സിൻ ഡെവലപ്മെന്റ്: എ മോളിക്യുലാർ ആൻഡ് ഇമ്മ്യൂണോപ്രോട്ടിയോമിക് അപ്രോച്ച്' എന്ന വിഷയത്തിൽ ത്രിദിന അന്താരാഷ്ട്ര ശില്പശാലയ്ക്ക് തുടക്കമായി. നവംബർ 25 വരെ നടക്കുന്ന ശില്പശാലയ്ക്ക് അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷന്റെ സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ ലഭിച്ചു.

കുസാറ്റ് രജിസ്ട്രാർ ഡോ. ഹരിഗോവിന്ദ് പി. സി. ശില്പശാല ഉദ്ഘാടനം ചെയ്തു. കൊച്ചിയിലെ സെന്റർ ഫോർ മറൈൻ ലിവിങ് റിസോഴ്സസ് ആൻഡ് ഇക്കോളജി ഡയറക്ടർ ഡോ. ആർ. എസ്. മഹേഷ്കുമാർ മുഖ്യാതിഥിയായി. മറൈൻ സയൻസസ് ഫാക്കൽറ്റി ഡീനും മറൈൻ ബയോളജി, മൈക്രോബയോളജി ആൻഡ് ബയോകെമിസ്ട്രി വിഭാഗത്തിലെ സീനിയർ പ്രൊഫസറുമായ ഡോ. ബിജോയ് നന്ദൻ, സെന്റർ ഓഫ് എക്സലൻസ് ഫോർ അക്വാട്ടിക് വാക്സിൻ ഡെവലപ്മെന്റ് കോർഡിനേറ്റർ ഡോ. പുന്നാടത്ത് പ്രീതം, ശില്പശാല കൺവീനർ ഡോ. ശ്രീജ ലക്ഷ്മി എന്നിവർ സംസാരിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 32 പേർ ശില്പശാലയിൽ പങ്കെടുത്തു. ഉദ്ഘാടനച്ചടങ്ങിനു ശേഷം ശില്പശാലാ മാനുവൽ രജിസ്ട്രാർ ഡോ. ഹരിഗോവിന്ദ് പി. സി. പ്രകാശനം ചെയ്തു.

ജർമനിയിലെ യൂണിവേഴ്സിറ്റി ഓഫ് വെറ്ററിനറി മെഡിസിൻ ഹാനോവറിലെ ഡോ. മിക്കോലാജ് അഡമെക് രോഗനിർണയത്തിനുള്ള പുതിയ മാർഗങ്ങൾ വികസിപ്പിക്കുന്നതിൽ ജീവികളുടെ പെരുമാറ്റരീതികളും പ്രതിരോധ പ്രതികരണങ്ങളും ഉപയോഗിക്കുന്നതിനെക്കുറിച്ച് ഓൺലൈനായി പ്രഭാഷണം നടത്തി.

രോഗനിർണയത്തിനും വാക്സിൻ വികസനത്തിനുമുള്ള വിവിധ തന്മാത്രാപ്രതിരോധ ശാസ്ത്ര സാങ്കേതികവിദ്യകളിൽ പ്രഭാഷണങ്ങളും പ്രായോഗിക പരിശീലനവും ശില്പശാലയുടെ ഭാഗമായി നടന്നു. രോഗസൂചകങ്ങൾ കണ്ടെത്തുക, ആന്റിജൻ സവിശേഷതകൾ വിശകലനം ചെയ്യുക, സാധ്യതയുള്ള വാക്സിൻ ഘടകങ്ങൾ തിരിച്ചറിയുക എന്നിവയിൽ മോളിക്യുലാർ, ഇമ്മ്യൂണോപ്രോട്ടിയോമിക് സമീപനങ്ങളുടെ പ്രയോഗവും ചർച്ച ചെയ്തു. ജലജീവികളിലെ രോഗനിർണയത്തിന്റെ കൃത്യതയും രോഗപ്രതിരോധ മാർഗങ്ങളുടെ ഫലപ്രാപ്തിയും മെച്ചപ്പെടുത്തുന്നതിന് ഈ സാങ്കേതികവിദ്യകൾക്കുള്ള പ്രാധാന്യവും ശില്പശാല വിലയിരുത്തി.



ഇന്റർനാഷണൽ നേച്ചർ ഫെസ്റ്റിവൽ ഓഫ് കേരള: സ്വാഗതസംഘം രൂപീകരിച്ചു

തിരുവനന്തപുരം: വനം വകുപ്പ് സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ നേച്ചർ ഫെസ്റ്റിവൽ ഓഫ് കേരളയുടെ സ്വാഗതസംഘം രൂപീകരിച്ചു. മന്ത്രിമാരായ ഷിബു ബേബി ജോൺ, പി സി വിഷ്ണുനാഥ് എന്നിവർ സ്വാഗതസംഘ രൂപീകരണ യോഗത്തിൽ പങ്കെടുത്തു. 2027 ഫെബ്രുവരി ഏഴ് മുതൽ പന്ത്രണ്ട് വരെ തിരുവനന്തപുരത്താണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. കേരളത്തിന്റെ പ്രകൃതിയെ ആഗോളതലത്തിൽ പരിചയപ്പെടുത്തുക എന്നതാണ് ഫെസ്റ്റിവലിന്റെ ലക്ഷ്യമെന്നും ഇത്തരത്തിലുള്ള രാജ്യത്തെ ആദ്യത്തെ സംരംഭമാണ് ഇതെന്നും വനം വകുപ്പ് മന്ത്രി ഷിബു ബേബി ജോൺ പറഞ്ഞു. എല്ലാ വർഷവും പരിപാടി സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രകൃതി സംരക്ഷണ രംഗത്ത് അന്താരാഷ്ട്ര തലത്തിൽ പ്രവർത്തിക്കുന്നവരെ ഫെസ്റ്റിവലിൽ പങ്കാളികളാക്കും. രാജ്യത്തിനകത്തു നിന്നും പുറത്തു നിന്നുമുള്ള വിവിധ ആദിവാസി ഗോത്ര പ്രതിനിധികളെയും ഫെസ്റ്റിവലിൽ പങ്കെടുപ്പിക്കും. മസായി മാരയിൽ നിന്നുള്ള മസായി ഗോത്ര പ്രതിനിധികളും മേഘാലയയിലെ വിസിലിംഗ് ഗോത്രപ്രതിനിധികളെയും അടക്കം കേരളത്തിലെത്തിക്കാനുള്ള ശ്രമം നടത്തുകയാണെന്നും മന്ത്രി പറഞ്ഞു. ടൂറിസം, സാംസ്കാരിക വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണം ഫെസ്റ്റിവലിന് ഉറപ്പാക്കുമെന്ന് ടൂറിസം, സാംസ്കാരിക, സിനിമാ വകുപ്പ് മന്ത്രി പി സി വിഷ്ണുനാഥ് പറഞ്ഞു.

ഫെസ്റ്റിവലിന് മുന്നോടിയായി സ്കൂളുകൾ, കോളജുകൾ, ലൈബ്രറികൾ, സാഹിത്യ സാംസ്കാരിക കൂട്ടായ്മകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെല്ലാം വിവിധ പരിപാടികൾ സംഘടിപ്പിക്കും. ഫെബ്രുവരി ഏഴ് മുതൽ പന്ത്രണ്ട് വരെ ഫോട്ടോഗ്രഫി സമ്മിറ്റ്, ലിറ്ററേച്ചർ സമ്മിറ്റ്, ഫിലിം/ഡോക്യുമെന്ററി സമ്മിറ്റ് എന്നിവ സംഘടിപ്പിക്കും. ബാലൻ മാധവൻ, സബിൻ ഇക്ബാൽ, ബീനാ പോൾ എന്നിവർ യഥാക്രമം സമ്മിറ്റുകൾ ക്യൂറേറ്റ് ചെയ്യും. ഫെബ്രുവരി ഏഴിന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ വിദേശ പ്രതിനിധികൾ അടക്കം പങ്കെടുക്കും. ഫോട്ടോഗ്രാഫർമാർ, സിനിമാ സംവിധായകർ, എഴുത്തുകാർ, ഗവേഷകർ, വിദഗ്ധർ തുടങ്ങിയവർ ഫെസ്റ്റിവലിനോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ചർച്ചകളിലും പരിപാടികളിലും പങ്കെടുക്കും. ടാഗോർ, കലാഭവൻ തീയേറ്ററുകളിലായി നടക്കുന്ന സിനിമാ പ്രദർശനത്തിന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്കായി പ്രത്യേക പ്രദർശനങ്ങൾ സംഘടിപ്പിക്കും.

മുഖ്യമന്ത്രി വി.ഡി. സതീശൻ മുഖ്യരക്ഷാധികാരിയായും വനം, വന്യജീവി വകുപ്പ് മന്ത്രി ഷിബു ബേബി ജോൺ രക്ഷാധികാരിയായും മന്ത്രിമാരായ സി.പി. ജോൺ, കെ. മുരളീധരൻ, പി.സി. വിഷ്ണുനാഥ്, ശശി തരൂർ എം.പി., മേയർ വി.വി. രാജേഷ്, കൗൺസിലർ അഡ്വ. രാഖി രവികുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. പ്രിയദർശിനി, ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി ഗോപാലകൃഷ്ണൻ കെ. തുടങ്ങിയവർ അംഗങ്ങളായും വനം,വന്യജീവി വകുപ്പ് സെക്രട്ടറി ബിജു കെ. മെമ്പർ സെക്രട്ടറിയായും സംഘാടക സമിതി രൂപീകരിച്ചു.

സെക്രട്ടേറിയറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ വനം വന്യജീവി വകുപ്പ് സെക്രട്ടറി കെ ബിജു, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആൻഡ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് രാജേഷ് രവീന്ദ്രൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ആൻഡ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ പി പുകഴേന്തി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ദീപക് മിശ്ര, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ഡോ. പ്രമോജ് ജി കൃഷ്ണൻ, വനം വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

100% പ്ലേസ്മെൻ്റുമായി കുസാറ്റിലെ നേവൽ ആർക്കിടെക്ച്ചർ പ്രോഗ്രാം



കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ഷിപ്പ് ടെക്നോളജി വകുപ്പിന് കീഴിലുള്ള ബി.ടെക് നേവൽ ആർക്കിടെക്ചർ ആൻഡ് ഷിപ്പ് ബിൽഡിംഗ് പ്രോഗ്രാം വർഷംതോറും 100 ശതമാനം പ്ലേസ്മെന്റ് നേട്ടം കൈവരിച്ച് മികവിന്റെ പാരമ്പര്യം തുടരുന്നു.

2026ൽ പഠനം പൂർത്തിയാക്കിയ ബാച്ചിലെ വിദ്യാർത്ഥികൾക്ക് ഇന്ത്യയിലെ പ്രമുഖ കമ്പനികൾക്കു പുറമെ യുഎഇ, ബഹ്റൈൻ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലെ മറൈൻ, മാരിടൈം മേഖലയിലെ കമ്പനികളിലും ജോലി ലഭിച്ചു. ഈ ബാച്ചിൽ സബ് ലെഫ്റ്റനന്റ് പദവിയിൽ പഠനം പൂർത്തിയാക്കിയ ഏഴ് നാവിക ഉദ്യോഗസ്ഥരും ഉൾപ്പെടുന്നു. 1987ൽ ആരംഭിച്ച ഇന്ത്യൻ നാവികസേനയുമായുള്ള വകുപ്പിന്റെ ദീർഘകാല ബന്ധത്തിന്റെ തുടർച്ച കൂടിയാണിത്.

കോമൺ അഡ്മിഷൻ ടെസ്റ്റ് മുഖേന മികച്ച റാങ്ക് നേടുന്ന വിദ്യാർത്ഥികളാണ് നേവൽ ആർക്കിടെക്ചർ ബി.ടെക് പ്രോഗ്രാമിലേക്ക് പ്രവേശനം നേടുന്നത്. വകുപ്പിലെ പൂർവവിദ്യാർത്ഥികൾ ദേശീയ, അന്തർദേശീയ തലങ്ങളിലെ വിവിധ മാരിടൈം സ്ഥാപനങ്ങളിൽ ഉന്നത നേതൃത്വ പദവികൾ വഹിക്കുന്നുണ്ട്.

അക്കാദമികവും തൊഴിൽപരവുമായ പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ ഇടത പിന്തുണയോടെ സസ്റ്റെയിനബിൾ ഷിപ്പ് ബിൽഡിംഗ് ടെക്നോളജിയിൽ സെന്റർ ഓഫ് എക്സലൻസും മസഗോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സ് ലിമിറ്റഡിന്റെ പിന്തുണയോടെ സ്കിൽ ഡെവലപ്മെന്റ് സെന്ററും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.



സൊസൈറ്റി ടുഡേ SOCIETY TODAY



മൂവാറ്റുപുഴ: നിർമ്മലാ കോളേജിൽ കൊമേഴ്സ് ആൻഡ് മാനേജ്മെന്റ് അന്താരാഷ്ട്ര കോൺഫറൻസ് സമാപിച്ചു

മൂവാറ്റുപുഴ: ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻസ് ആൻഡ് ഇന്നൊവേഷൻസ് ഇൻ കൊമേഴ്സ് ആൻഡ് മാനേജ്മെന്റ് എന്ന വിഷയത്തിൽ നിർമലാ കോളേജ് (ഓട്ടോണമസ്) പിജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ് (സെൽഫ് ഫിനാൻസിംഗ്) സംഘടിപ്പിച്ച രണ്ട് ദിവസത്തെ അന്താരാഷ്ട്ര കോൺഫറൻസ് സമാപിച്ചു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയറുമായി ഹൈബ്രിഡ് മോഡിലാണ് സമ്മേളനം നടന്നത്.

ഉദ്ഘാടന ചടങ്ങിൽ പിജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ് (സെൽഫ് ഫിനാൻസിംഗ്) എച്ച്ഒഡി ഡോ. രതീഷ് കെ. ആർ സ്വാഗതം ആശംസിച്ചു. നിർമലാ കോളേജ് പ്രിൻസിപ്പൽ റവ. ഡോ. ജസ്റ്റിൻ കെ. കുര്യാക്കോസ് അധ്യക്ഷത വഹിച്ചു. ഒമാനിലെ അറബ് ഓപ്പൺ യൂണിവേഴ്സിറ്റി ഫാക്കൽറ്റി ഓഫ് കമ്പ്യൂട്ടർ സ്റ്റഡീസിലെ ഡോ. ഷെറിമോൻ പി. സി സമ്മേളനം ഉദ്ഘാടനം ചെയ്തു. കമ്പനി സെക്രട്ടറിയും ഫണ്ടിംഗ് ആൻഡ് സ്ട്രാറ്റജിക് അഡ്വൈസറും മെന്ററുമായ പി. സി. ഹരികുമാർ മുഖ്യപ്രഭാഷണം നടത്തി. നിർമലാ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. സോണി കുര്യാക്കോസ് ആശംസകൾ നേർന്നു. ഫാക്കൽറ്റി കോർഡിനേറ്റർ ഡോ. പ്രിയ ചന്ദ്രൻ നന്ദി പറഞ്ഞു.

ആദ്യ ദിവസമായ നവംബർ 20ന് നടന്ന സെഷനുകളിൽ വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടന്നു. ബിയോണ്ട് ദ ഹൈപ്പ്: പ്രാക്ടിക്കൽ എഐ ഫോർ എവരിഡേ ബിസിനസ് ഡിസിഷൻസ് എന്ന വിഷയത്തിൽ ഡോ. ഷെറിമോൻ പി. സി സംസാരിച്ചു. ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ ഇൻ ബാങ്കിംഗ് ആൻഡ് ഫിനാൻസ് ഇൻ ദ ഫിൻടെക് എറ: ഇന്റഗ്രേറ്റിംഗ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സിആർഎം ആൻഡ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ എന്ന വിഷയത്തിൽ കുസാറ്റ് അപ്ലൈഡ് ഇക്കണോമിക്സ് വിഭാഗം മേധാവി ഡോ. മനോജ് പി. കെ ക്ലാസ് നയിച്ചു. ഇന്നൊവേഷൻ ഇം പാക്ട്: വെയ്റ്റിംഗ് ദ പ്രോസ് ആൻഡ് കോൺസ് ഫോർ സസ്റ്റൈനബിൾ സക്സസ് എന്ന വിഷയത്തിൽ പി. സി. ഹരികുമാർ സംസാരിച്ചു.

സമ്മേളനത്തിന്റെ രണ്ടാം ദിവസമായ നവംബർ 21ന് യുകെയിലെ ഹഡേഴ്സ്ഫീൽഡ് യൂണിവേഴ്സിറ്റി ഹഡേഴ്സ്ഫീൽഡ് ബിസിനസ് സ്കൂളിലെ ഡോ. ഡബ്രൈച്ചി ചികൈസി എകുവെമെ പങ്കെടുത്തു. കോൺഫറൻസിലുടനീളം മുപ്പത്തിരണ്ടോളം പ്രബന്ധ അവതരണങ്ങളും (പേപ്പർ പ്രസന്റേഷൻസ്) ചർച്ചകളും നടന്നു. ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ, ഇന്നൊവേഷൻ എന്നിവയിൽ പ്രത്യേകിച്ച് കൊമേഴ്സ് ആൻഡ് മാനേജ്മെന്റ് മേഖലയിലെ പുതിയ സാധ്യതകൾ, സംയുക്ത പ്രവർത്തനങ്ങൾ, ഫണ്ടിംഗ് പ്രോഗ്രാമുകൾ എന്നിവയെക്കുറിച്ച് സമ്മേളനത്തിൽ വിശദമായ ചർച്ചകൾ നടന്നു.

രണ്ടാം ദിവസത്തെ സമാപന സമ്മേളനത്തിൽ കോർഡിനേറ്റർ ഡോ. ജെസ്ന ജോബിൻ നന്ദി പ്രകാശിപ്പിച്ചു. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഏറെ പ്രയോജനപ്രദമായ രീതിയിലുള്ള ചർച്ചകൾക്കൊപ്പം പുതിയ ഫണ്ടിംഗ് മേഖലകളിലെ സഹകരണവും നൂതന ആശയങ്ങളും സാധ്യതകളും പങ്കുവെച്ചുകൊണ്ടാണ് രണ്ട് ദിവസത്തെ അന്താരാഷ്ട്ര കോൺഫറൻസ് സമാപിച്ചത്.

ഇന്ത്യയുടെ അന്റാർട്ടിക് പര്യവേക്ഷണത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം 27ന് സിഎംഎഫ്ആർഐയിൽ

കൊച്ചി: 1983ലെ ഇന്ത്യയുടെ ചരിത്ര പ്രധാനമായ അന്റാർട്ടിക് ശാസ്ത്ര പര്യവേക്ഷണത്തെയും മേഖലയിലെ രാജ്യത്തിന്റെ ആദ്യ ഗവേഷണ കേന്ദ്രമായ 'ദക്ഷിൺ ഗംഗോത്രി' സ്ഥാപിച്ചതിനെയും ആസ്പദമാക്കി നിർമ്മിച്ച ഡോക്യുമെന്ററി വെള്ളിയാഴ്ച (നവംബർ 27) കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) പ്രദർശിപ്പിക്കും.

ഡോ. ഹർഷ് കെ. ഗുപ്തയുടെ നേതൃത്വത്തിൽ നടന്ന മൂന്നാമത് ഇന്ത്യൻ അന്റാർട്ടിക് പര്യവേക്ഷണത്തിന്റെ വെല്ലുവിളികളും നേട്ടങ്ങളുമാണ് 'മിറക്കിൾ ഇൻ അന്റാർട്ടിക്ക: ദ ഫോർഗോട്ടൻ സ്റ്റോറി ഓഫ് ദക്ഷിൺ ഗംഗോത്രി' എന്ന ഡോക്യുമെന്ററിയിലൂടെ പുനരാവിഷ്കരിക്കുന്നത്. പ്രതികൂല കാലാവസ്ഥയെയും സാങ്കേതിക തടസ്സങ്ങളെയും അതിജീവിച്ച് വെറും 60 ദിവസത്തിനുള്ളിൽ അന്റാർട്ടിക്കയിൽ ഇന്ത്യയുടെ ആദ്യ ശാസ്ത്ര ഗവേഷണ കേന്ദ്രം സ്ഥാപിച്ച ദൗത്യ സംഘത്തിന്റെ ശ്രമങ്ങളാണ് ചിത്രത്തിലുള്ളത്.

മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയാണ് (എംബിഎഐ) പ്രദർശനം സംഘടിപ്പിക്കുന്നത്. പര്യവേക്ഷണ സംഘത്തിലെ അംഗവും സിഎംഎഫ്ആർഐ മുൻ ശാസ്ത്രജ്ഞനുമായ ഡോ. കെ.ജെ. മാത്യു അന്റാർട്ടിക് ഓർമ്മകൾ പങ്കുവെക്കും. ഡോക്യുമെന്ററി നിർമ്മാതാവ് സൗരഭ രാവു ചിത്രം പരിചയപ്പെടുത്തും.

ഉച്ചയ്ക്ക് രണ്ടിന് സിഎംഎഫ്ആർഐ പ്ലാറ്റിനം ജൂബിലി ഹാളിൽ നടക്കുന്ന ചടങ്ങിൽ റാഞ്ചി ബിർസ കാർഷിക സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. ജോർജ് ജോൺ മുഖ്യാതിഥിയാകും. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിക്കും. വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും മുൻകൂട്ടി രജിസ്റ്റർ ചെയ്ത് പ്രദർശനത്തിൽ സൗജന്യമായി പങ്കെടുക്കാം. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും: 9995032692.

പച്ചക്കറി സ്വയംപര്യാപ്തതയ്ക്ക് വെജിറ്റബിൾ മിഷൻ ആരംഭിക്കും: മന്ത്രി ടി സിദ്ദിഖ്

വൈത്തിരി: പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാനത്ത് വെജിറ്റബിൾ മിഷൻ ആരംഭിക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ദിഖ്. വൈത്തിരി പന്ത്രണ്ടാം പാലം സ്വദേശി കരുവാരത്തൊടിയിൽ അനൂസിന്റെ കൃഷിയിടത്തിൽ വിളവെടുപ്പ് മഹോത്സവം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ജനപ്രതിനിധികളുടെ വീടുകൾ, സ്ഥല സൗകര്യമുള്ള പോലീസ് സ്റ്റേഷനുകൾ, സ്കൂൾകോളേജുകളിൽ പച്ചക്കറിക്കൃഷി വ്യാപിപ്പിക്കും.

മണ്ണുപരിശോധന ഉൾപ്പെടെയുള്ള സാങ്കേതിക സഹായങ്ങൾ കൃഷി വകുപ്പ് മുഖേന ലഭ്യമാക്കും. അടുത്ത അധ്യയനവർഷത്തോടെ 5000 സ്കൂളുകളിൽ കൃഷി ആരംഭിക്കാനാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു. കഠിനാധ്വാനവും കൃത്യമായ ആസൂത്രണവും ഉണ്ടെങ്കിൽ കൃഷി മികച്ച വരുമാനമാർഗമായി മാറ്റാമെന്നതിന്റെ മാതൃകയാണ് വൈത്തിരി പന്ത്രണ്ടാം പാലം സ്വദേശി അനൂസിന്റെ കൃഷിയിടം. കൃഷി ആദായകരമല്ലെന്ന് പറയുന്നവർ അനൂസിന്റെ മാതൃക കണ്ടുപഠിക്കണമെന്നും മന്ത്രി പറഞ്ഞു.

കീടനാശിനികളുടെ ഉപയോഗം കുറച്ച് ശാസ്ത്രീയ കൃഷിരീതികളും മഞ്ഞ സ്റ്റിക്കി ട്രാപ്പുകളും പ്രയോജനപ്പെടുത്തിയാണ് അനൂസ് കൃഷി നടത്തുന്നത്. കൃഷി വകുപ്പിന്റെ പിന്തുണയും പ്രവർത്തനത്തിന് കരുത്തായി. ഇതിനോടകം ഒന്നരലക്ഷം രൂപയുടെ ചീര ഇവിടെനിന്ന് വിറ്റഴിച്ചു. ഭക്ഷ്യ സുരക്ഷയും ആരോഗ്യവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിനാൽ സുരക്ഷിതമായ ഭക്ഷ്യോത്പാദനത്തിന്റെ ഉത്തരവാദിത്വം ഓരോരുത്തരും ഏറ്റെടുക്കണം. എന്റെ അന്നം എന്റെ ഉത്തരവാദിത്വം എന്ന ബോധ്യം സമൂഹത്തിൽ വളരണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ക്രിസ്തുമസ് അവധി പുനഃക്രമീകരിച്ചു

സർവകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകൾ, പഠന വകുപ്പുകൾ, സെന്ററുകൾ എന്നിവയുടെ ക്രിസ്തുമസ് അവധി ഡിസംബർ 19 മുതൽ 28 വരെ ആയിരിക്കും. അവധിക്ക് ശേഷം ഡിസംബർ 29 ന് സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കും.

പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ ബിഎഡ് സ്പെഷ്യൽ എജ്യൂക്കേഷൻ ലേണിംഗ് ഡിസെബിലിറ്റി/ഇൻറലക്ചൽ ഡിസെബിലിറ്റി (സിഎസ്എസ്) (2026 അഡ്മിഷൻ റഗുലർ, 2024,2025 അഡ്മിഷനുകൾ സപ്ലിമെൻററി, 2021,2023 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ഡിസംബർ 8 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

പരീക്ഷയ്ക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളേജുകളിലെയും സിപാസിലെയും ഒന്നാം സെമസ്റ്റർ എംസിഎ (2026 അഡ്മിഷൻ റഗുലർ, 2023,2025 അഡ്മിഷനുകൾ സപ്ലിമെൻററി, 2020.2022 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ഡിസംബർ 30 മുതൽ നടക്കും. ഡിസംബർ 7 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഡിസംബർ 8 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 9 വരെയും അപേക്ഷ സ്വീകരിക്കും.

പരീക്ഷ തീയതി

മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബിഎ, ബികോം (സിബിസിഎസ്എസ്) (2014,2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) സെപ്റ്റംബർ 2026 പരീക്ഷകൾ ഡിസംബർ 4 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

മൂന്നാം സെമസ്റ്റർ എംബിഎ (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾ ഡിസംബർ 11 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

ആറാം സെമസ്റ്റർ ബിടെക് (പഴയ സ്കീം1997 മുതൽ 2009 വരെ അഡ്മിഷനുകൾ) സ്പെഷ്യൽ മെഴ്സി ചാൻസ് ജനുവരി 2025 പരീക്ഷകൾ ഡിസംബർ 7 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

മൂന്നാം സെമസ്റ്റർ ത്രീവത്സര യുണിറ്ററി എൽഎൽബി (2025 അഡ്മിഷൻ റഗുലർ, 2021,2024 അഡ്മിഷനുകൾ സപ്ലിമെൻററി, 2019, 2020 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ഡിസംബർ 14 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

ഒന്നാം സെമസ്റ്റർ ഐഎംസിഎ (2026 അഡ്മിഷൻ റഗുലർ, 2020,2025 അഡ്മിഷനുകൾ സപ്ലിമെൻററി പരീക്ഷകൾ ഡിസംബർ 8 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

എഴാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എ ലാംഗ്വേജ് (ഇംഗ്ലീഷ്) ഇൻറഗ്രേറ്റഡ് എം.എസ്.സി ബേസിക് സയൻസ് (കെമിസ്ട്രി/സ്റ്റാറ്റിസ്റ്റിക്സ്/ഫിസിക്സ്), ഇൻറഗ്രേറ്റഡ് എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്,ഡേറ്റാ സയൻസ്) (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 20202022 അഡ്മിഷനുകൾ സപ്ലിമെൻററി) നവംബർ 2026 പരീക്ഷകൾ ഡിസംബർ 8 മുതൽ നടക്കും.

പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എംഎസ്.സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ് ആർട്ടിഫിഷ്യൽ ഇൻറലിജെൻസ് ആൻഡ് മെഷീൻ ലേണിംഗ്/ കമ്പ്യൂട്ടർ സയൻസ് ഡാറ്റാ സയൻസ് (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2024 അഡ്മിഷനുകൾ സപ്ലിമെൻററി) നവംബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 10 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

അഞ്ചാം സെമസ്റ്റർ ബിവോക് ഇൻഡസ്ട്രിയൽ ഇൻസ്ട്രുമെൻറേഷൻ ആൻഡ് ഓട്ടോമേഷൻ (2024 അഡ്മിഷൻ റഗുലർ, 2020,2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018,2019 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒക്ടോബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 25 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

സൊസൈറ്റി ടുഡേ SOCIETY TODAY



തുഷാർ മെഗാ ടൂറിസം ബി2ബി മീറ്റിന്റെ അഞ്ചാം എഡിഷൻ നവംബർ 27, 28 തീയതികളിൽ കൊച്ചിയിൽ

- മുഖ്യമന്ത്രി വി.ഡി. സതീശൻ, മന്ത്രിമാരായ പി.സി.വിഷ്ണുനാഥ്, റോജി എം. ജോൺ എന്നിവർ പങ്കെടുക്കും
- 250 ലധികം ദേശീയഅന്തർദേശീയ ടൂറിസം കമ്പനികളുടെ സ്റ്റാളുകൾ
- 7,000 ട്രാവൽ ഏജന്റുമാരെയും ടൂർ ഓപ്പറേറ്റർമാരെയും പ്രതീക്ഷിക്കുന്നു
- ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും മേളയിലേക്കുള്ള പ്രവേശനം സൗജന്യം

കൊച്ചി: കേരളത്തിലെ ട്രാവൽ ആൻഡ് ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവരുടെ പ്രൊഫഷണൽ സംഘടനയായ കേരളൈറ്റ്സ് ട്രാവൽസ് ആൻഡ് ടൂർസ് കൺസോർഷ്യം സംഘടിപ്പിക്കുന്ന തുഷാർ മെഗാ ടൂറിസം ബി2ബി മീറ്റിന്റെ അഞ്ചാം എഡിഷൻ 2026 നവംബർ 27, 28 തീയതികളിൽ കൊച്ചി കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിൽ നടക്കും. ഇന്ത്യയിലെയും വിദേശരാജ്യങ്ങളിലെയും 250ലധികം ടൂർ കമ്പനികൾ, ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്പനികൾ, പ്രമുഖ ഹോട്ടലുകൾ, റിസോർട്ടുകൾ, വിമാനക്കമ്പനികൾ, വിസാ വിദഗ്ധർ, ഓൺലൈൻ ട്രാവൽ പോർട്ടലുകൾ എന്നിവരുടെ സ്റ്റാളുകൾ മേളയിൽ സജ്ജീകരിക്കും. ഇടനിലക്കാരില്ലാതെ വിവിധ കമ്പനികളുമായി നേരിട്ട് ബിസിനസ് സാധ്യതകൾ ചർച്ച ചെയ്യാനും സ്വന്തമായി ബിസിനസ് ബന്ധങ്ങൾ സ്ഥാപിക്കാനും, നൂതന ആശയങ്ങളിലൂടെ നിലവിലുള്ള സംരംഭങ്ങളെ കൂടുതൽ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും ട്രാവൽ ഏജന്റുമാരെയും ടൂർ ഓപ്പറേറ്റർമാരെയും പ്രാപ്തരാക്കുക എന്നതാണ് മീറ്റിന്റെ പ്രധാന ലക്ഷ്യം. മുൻ വർഷങ്ങളിൽ കേരളത്തിനകത്തുനിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമായി അയ്യായിരത്തിലധികം ടൂർ ഓപ്പറേറ്റർമാർ പങ്കെടുത്തതോടെ ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും വലിയ ടൂറിസം ബി2ബി മീറ്റുകളിലൊന്നായി മാറിയ ഈ മേളയിൽ ഇത്തവണ ഏകദേശം 7,000 രജിസ്റ്റർ ചെയ്ത പ്രതിനിധികളെയാണ് പ്രതീക്ഷിക്കുന്നത്.

നവംബർ 27ന് രാവിലെ 10 മണിക്ക് സംസ്ഥാന ടൂറിസം മന്ത്രി പി.സി. വിഷ്ണുനാഥ് ബി2ബി മീറ്റിന്റെ ഉദ്ഘാടനം നിർവഹിക്കും; ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ സുവനീർ പ്രകാശനം ചെയ്യും.

നവംബർ 28ന് വൈകുന്നേരം നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. ലോകസഞ്ചാരിയും പ്രമുഖ പ്രഭാഷകനുമായ സന്തോഷ് ജോർജ് കുളങ്ങര മുഖ്യപ്രഭാഷണം നടത്തും.

മീറ്റിനോടനുബന്ധിച്ച് ടൂറിസം വ്യവസായത്തിൽ പ്രവർത്തിക്കുന്നവർക്കും ട്രാവൽ ആൻഡ് ടൂറിസം വിദ്യാർഥികൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ പ്രമുഖ വ്യക്തികൾ നയിക്കുന്ന ക്ലാസുകളും സെമിനാറുകളും ഉണ്ടായിരിക്കും. കൂടാതെ പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ടൂറിസം കോൺക്ലേവിൽ പ്രമുഖ സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർമാരായ സുജിത് ഭക്തനും ഹാരിസ് അമീറലിയും പങ്കെടുക്കുകയും ചർച്ചകൾ നയിക്കുകയും ചെയ്യും. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും മേളയിലേക്കുള്ള പ്രവേശനം തികച്ചും സൗജന്യമായിരിക്കുമെന്നും സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ലഭ്യമാണെന്നും കെ.ടി.ടി.സി പ്രസിഡന്റ് മനോജ് എം. വിജയൻ, ജനറൽ സെക്രട്ടറി സ്നോജ് മച്ചിങ്ങൽ, ട്രഷറർ ഡെന്നി ജോസ്, തുഷാർ കമ്മിറ്റി ചെയർമാൻ ഓസ്റ്റിൻ ബെന്നൻ, വൈസ് പ്രസിഡന്റുമാരായ ഷാജി കല്ലായി, ഷിജോ ജോർജ് എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കായി 79942 92337 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

സൈബർ സുരക്ഷാ മേഖലയെക്കുറിച്ചുള്ള അദ്ധ്യാപക പരിശീലന പരിപാടിക്ക് ഫിസാറ്റിൽ തുടക്കമായി

അങ്കമാലി: ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ സൈബർ തട്ടിപ്പുകളെക്കുറിച്ചും അവയ്ക്കുള്ള പരിഹാര മാർഗങ്ങളെകുറിച്ചും അദ്ധ്യാപകർക്കും ഗവേഷക വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്ന പരിപാടിക്കു തുടക്കമായി. ആറു ദിവസം നീണ്ടു നിൽക്കുന്ന പരിപാടി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡി ജി പി യും ഡയറക്ടറുമായ മനോജ് എബ്രഹാം ഐ പി എസ്, ഉത്ഘാടനം ചെയ്തു മുൻ എ ഐ സി ടി ഇ ഡയറക്ടറും അഡ്വൈസറുമായിരുന്ന ഡോ രമേഷ് ഉണ്ണികൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി ഫിസാറ്റ് ചെയർമാൻ പി ആർ ഷിമിത്ത് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നായി നാനൂറോളം അധ്യാപകരും ഗവേഷണ വിദ്യാർത്ഥികളും പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. സൈബർ മേഖലയിൽ ജോലി ചെയുന്ന നിരവധി വിദഗ്ധരാണ് വിവിധ സെഷനുകൾക്ക് നേതൃത്വം നൽകുന്നത്. എ ഐ സി ടി ഇ ട്രെയിനിങ് ആൻഡ് ലേർണിംഗ് അക്കാദമിയുടെ സാമ്പത്തിക സഹകരണത്തോടെ നടത്തുന്ന പരിപാടി ശനിയാഴ്ച സമാപിക്കും. ചടങ്ങിൽ പ്രിൻസിപ്പൽ ഡോ ജേക്കബ് തോമസ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീറിങ് വിഭാഗം മേധാവി ഡോ പോൾ പി മത്തായി, പ്രോഗ്രാം കോ ഓർഡിനേറ്ററുമാരായ ഡോ ജെ സി പ്രസാദ്, ഡോ ഐറിൻ ബാബു, തുടങ്ങിയവർ പങ്കെടുത്തു.

കെ എം എ കോർപറേറ്റ് ക്രിക്കറ്റ് ലീഗിൽ ആപ്റ്റിവ് കണക്ഷൻ സിസ്റ്റംസ് ഫ്രൈവറ്റ് ലിമിറ്റഡ് ജേതാക്കൾ

കൊച്ചി: കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ എം എ) സംഘടിപ്പിച്ച കോർപറേറ്റ് ക്രിക്കറ്റ് ലീഗിൽ ആപ്റ്റിവ് കണക്ഷൻ സിസ്റ്റംസ് ഫ്രൈവറ്റ് ലിമിറ്റഡ് ജേതാക്കളായി. ഫൈനലിൽ കോഗ്നിസന്റ് ടെക്നോളജി സൊല്യൂഷൻസ് പരാജയപ്പെട്ടു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 300ലധികം കോർപറേറ്റ് പ്രൊഫഷണലുകൾ പങ്കെടുത്ത മത്സരങ്ങൾ കായികമികവിന്റെയും സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും വേദിയായി.

ഫൈനലിൽ ആപ്റ്റിവിലെ ആഷി മാൻ ഓഫ് ദി മാച്ചായി തിരഞ്ഞെടുക്കപ്പെട്ടു. ആപ്റ്റിവിലെ റിച്ചു ജോബു മികച്ച ബാറ്ററായും ഫാക്ടിലെ അശ്വാദ് മികച്ച ബൗളറായും തിരഞ്ഞെടുക്കപ്പെട്ടു.

കെ എം എയുടെ ചരിത്രത്തിൽ ആദ്യമായി വനിതകൾക്കായി കോർപറേറ്റ് ക്രിക്കറ്റ് ലീഗിന്റെ ഭാഗമായി സൗഹൃദ മത്സരം സംഘടിപ്പിച്ചു. ആപ്റ്റിവ് കണക്ഷൻ സിസ്റ്റംസ് ഫ്രൈവറ്റ് ലിമിറ്റഡിനെ പരാജയപ്പെടുത്തി ഇ വൈ വനിതാ ടീം ജേതാക്കളായി.

നട്ടെല്ല് ശസ്ത്രക്രിയാ രംഗത്തെ നൂതന മുന്നേറ്റങ്ങൾ ചർച്ച ചെയ്ത് ആസ്റ്റർ മെഡ്സിറ്റിയുടെ 'ആസ്ട്ര നെക്സ്റ്റ്' സമ്മേളനം സമാപിച്ചു

സമ്മേളനത്തിൽ ന്യൂറോ സ്പൈനൽ സർജൻസ് അസോസിയേഷൻ (എൻഎസ്എസ്എ) കേരള ചാപ്റ്ററിന്റെ ഉദ്ഘാടനവും നടന്നു

കൊച്ചി: നട്ടെല്ല് ശസ്ത്രക്രിയാ രംഗത്തെ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന നൂതന സാങ്കേതികവിദ്യകളും ചികിത്സാ രീതികളും ചർച്ച ചെയ്തുകൊണ്ട് ആസ്റ്റർ മെഡ്സിറ്റിയിലെ ആസ്റ്റർ സ്പൈൻ സെന്ററിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച രണ്ടാമത് 'ആസ്ട്ര നെക്സ്റ്റ്' (ആസ്റ്റർ സയന്റിഫിക് ആൻഡ് റിസർച്ച് അസംബ്ലി) ദ്വിദിന ശാസ്ത്ര സമ്മേളനം സമാപിച്ചു. സമ്മേളനത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 100ഓളം ഡോക്ടർമാരും വിദഗ്ധരും പങ്കെടുത്തു.

എൻഡോസ്കോപ്പിക് സ്പൈൻ സർജറി, റോബോട്ടിക്സ്, ന്യൂറോമോഡുലേഷൻ എന്നീ മൂന്ന് പ്രധാന മേഖലകളെ കേന്ദ്രീകരിച്ചാണ് സമ്മേളനം സംഘടിപ്പിച്ചത്. നട്ടെല്ല് ചികിത്സയുടെ ഭാവി നിർണ്ണയിക്കുന്ന ഏറ്റവും പുതിയ ശാസ്ത്രീയ മുന്നേറ്റങ്ങൾ, നൂതന ശസ്ത്രക്രിയാ രീതികൾ, ആധുനിക സാങ്കേതികവിദ്യകൾ എന്നിവ സമ്മേളനത്തിൽ ചർച്ച ചെയ്തു. സമ്മേളനത്തിന്റെ ഭാഗമായി ന്യൂറോ സ്പൈനൽ സർജൻസ് അസോസിയേഷൻ (എൻഎസ്എസ്എ) കേരള ചാപ്റ്ററിന്റെ ഉദ്ഘാടനവും നടന്നു.ആസ്ട്ര നെക്സ്റ്റ്' ദ്വിദിന ശാസ്ത്ര സമ്മേളനത്തിന്റെ ഉദ്ഘാടനം ആസ്റ്റർ മെഡ്സിറ്റി സിഒഒ ഡോ. ഷുഹൈബ് ഖാദർ നിർവഹിച്ചു. ആസ്റ്റർ മെഡ്സിറ്റിയിലെ ന്യൂറോസ്പൈൻ സർജറി സീനിയർ കൺസൾട്ടന്റുമാരായ ഡോ. അനൂപ് പി. നായർ, ഡോ. അനൂപ് തോമസ്, ഓർത്തോപീഡിക് സ്പൈൻ സർജറി കൺസൾട്ടന്റ് ഡോ. രഞ്ജിത്ത് കെ. ആർ എന്നിവരുടെ നേതൃത്വത്തിലാണ് കൊച്ചി ഹോളിഡേ ഇന്നിൽ സമ്മേളനം സംഘടിപ്പിച്ചത്.



ആസ്റ്റർ മെഡ്സിറ്റിയിലെ ആസ്റ്റർ സ്പൈൻ സെന്ററിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച രണ്ടാമത് 'ആസ്ട്ര നെക്സ്റ്റ്' (ആസ്റ്റർ സയന്റിഫിക് ആൻഡ് റിസർച്ച് അസംബ്ലി) ദ്വിദിന ശാസ്ത്ര സമ്മേളനത്തിന്റെ ഉദ്ഘാടന വേളയിൽ ന്യൂറോസർജറി സീനിയർ കൺസൾട്ടന്റ് ഡോ. ശ്യാം സുന്ദർ എസ്., ന്യൂറോസ്പൈൻ സർജറി സീനിയർ കൺസൾട്ടന്റുമാരായ ഡോ. അനൂപ് തോമസ്, ഡോ. അനൂപ് പി. നായർ, ന്യൂറോസർജറി സീനിയർ കൺസൾട്ടന്റ് ഡോ. ദിലീപ് പണിക്കർ, സിഒഒ ഡോ. ഷുഹൈബ് ഖാദർ എന്നിവർ.

സൊസൈറ്റി ടുഡേ
SOCIETY TODAY



പാമ്പാടി മാക്സ് പ്ലാസയിൽ ആരംഭിച്ച പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ 893മത് ഷോറൂം പാമ്പാടി പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സിജു കെ. ഐസക് ഉദ്ഘാടനം ചെയ്യുന്നു. ചാണ്ടി ഉമ്മൻ എംഎൽഎ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോളി പി. ഐസക്, കെ ആർ ഗോപകുമാർ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷെർലി തരിയൻ, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പാമ്പാടി യൂണിറ്റ് പ്രസിഡന്റ് കുര്യൻ സ്കറിയ, ജനറൽ സെക്രട്ടറി ശിവ ബിജു,പിട്ടാപ്പിള്ളിൽ ഏജൻസീസ് മാനേജിംഗ് ഡയറക്ടർ പീറ്റർ പോൾ പിട്ടാപ്പിള്ളിൽ, സി.ഇ.ഒ കിരൺ വർഗീസ്, ഡയറക്ടർമാരായ ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ, മരിയ പോൾ, അജോ തോമസ് തുടങ്ങിയവർ സമീപം.

പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ 893മത് ഷോറൂം പാമ്പാടിയിൽ പ്രവർത്തനം ആരംഭിച്ചു

കോട്ടയം: ഗൃഹോപകരണങ്ങൾ, മൊബൈൽ ഫോണുകൾ, ഡിജിറ്റൽ ഗാഡ്ജറ്റുകൾ എന്നിവയുടെ വിപണനരംഗത്ത് മലയാളികളുടെ വിശ്വാസം നേടിയ പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ 893മത് ഷോറൂം കോട്ടയം ജില്ലയിലെ പാമ്പാടിയിൽ പ്രവർത്തനം ആരംഭിച്ചു. പാമ്പാടി മാക്സ് പ്ലാസയിൽ ആരംഭിച്ച പുതിയ ഷോറൂം പാമ്പാടി പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സിജു കെ. ഐസക് ഷോറൂമിന്റെ ഉദ്ഘാടനം നിർവഹിച്ചു. ചാണ്ടി ഉമ്മൻ എംഎൽഎ മുഖ്യാതിഥിയായിരുന്നു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോളി പി. ഐസക്, കെ ആർ ഗോപകുമാർ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷെർലി തരിയൻ, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പാമ്പാടി യൂണിറ്റ് പ്രസിഡന്റ് കുര്യൻ സ്കറിയ, ജനറൽ സെക്രട്ടറി ശിവ ബിജു,

പിട്ടാപ്പിള്ളിൽ ഏജൻസീസ് മാനേജിംഗ് ഡയറക്ടർ പീറ്റർ പോൾ പിട്ടാപ്പിള്ളിൽ, സി.ഇ.ഒ കിരൺ വർഗീസ്, ഡയറക്ടർമാരായ ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ, മരിയ പോൾ, അജോ തോമസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

പുതിയ ഷോറൂമിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് ആദ്യത്തെ പത്ത് ഉപഭോക്താക്കൾക്ക് 5 ഗ്രാം വെള്ളിനാണയം ഉൾപ്പെടെയുള്ള ഉറപ്പായ സമ്മാനങ്ങളും ആകർഷകമായ ഓഫറുകളുമാണ് പിട്ടാപ്പിള്ളിൽ ഒരുക്കിയിരിക്കുന്നത്.

ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ വിപണിയിലെ ഏറ്റവും മികച്ച വിലയിൽ സ്വന്തമാക്കാനുള്ള അവസരത്തോടൊപ്പം 31,000 വരെ ക്യാഷ്ബാക്കും ആകർഷകമായ ഫിനാൻസ് ആനുകൂല്യങ്ങളും പിട്ടാപ്പിള്ളിൽ ഒരുക്കിയിട്ടുണ്ട്.

നോകോസ്റ്റ് ഇഎംഐ ട്രിപ്പിൾ സീറോ ഫിനാൻസ് (0% പലിശ, 0 ഡൗൺ പേയ്മെന്റ്, 0 പ്രോസസ്സിംഗ് ഫീസ്), ഒരു ഇഎംഐ ഇളവ്, ഫിക്സഡ് ഇഎംഐ തുടങ്ങിയ വിവിധ ഫിനാൻസ് സൗകര്യങ്ങൾക്കൊപ്പം പഴയ ഉൽപ്പന്നങ്ങൾക്ക് ഏറ്റവും മികച്ച എക്സ്ചേഞ്ച് മൂല്യവും ലഭ്യമാണ്.

കൂടാതെ, വാഷിംഗ് മെഷീൻ, ഫ്രിഡ്ജ് തുടങ്ങിയവയ്ക്ക് പ്രത്യേക ഓഫറുകളും മൊബൈൽ ഫോണുകൾക്കും ലാപ്ടോപ്പുകൾക്കും ആകർഷകമായ വിലക്കിഴിവുകളും ഫിനാൻസ് ആനുകൂല്യങ്ങളും ലഭ്യമാണ്. സ്മാർട്ട്ഫോൺ വാങ്ങുന്ന ഓരോ ഉപഭോക്താവിനും ഉറപ്പായ സമ്മാനവും ലഭിക്കും.

ഇതിനുപുറമെ, പിട്ടാപ്പിള്ളിൽ സാറ്റർഡേ സർപ്രൈസ് സെയിൽ' പദ്ധതിയുടെ ഭാഗമായി എല്ലാ ശനിയാഴ്ചകളിലും ഓരോ ഉൽപ്പന്ന വിഭാഗങ്ങൾക്കായി പ്രത്യേക സർപ്രൈസ് ഓഫറുകളും ലേറ്റ് നൈറ്റ് ഷോപ്പിംഗ് സൗകര്യവും ഒരുക്കിയിട്ടുണ്ട്.

ടിവികൾ, ഫ്രിഡ്ജുകൾ, വാഷിംഗ് മെഷീനുകൾ, എയർ കണ്ടീഷണറുകൾ, മൊബൈൽ ഫോണുകൾ, ലാപ്ടോപ്പുകൾ, അടുക്കള ഉപകരണങ്ങൾ തുടങ്ങി പ്രമുഖ ദേശീയ അന്തർദേശീയ ബ്രാൻഡുകളുടെ ഏറ്റവും പുതിയ മോഡലുകൾ പിട്ടാപ്പിള്ളിൽ ഷോറൂമുകളിൽ ലഭ്യമാണ്. ഓൺലൈൻ ഷോപ്പിംഗിനും www.pittappillilonline.comൽ പ്രത്യേക ഓഫറുകൾ ലഭ്യമാണ്.

37 വർഷത്തെ വിശ്വാസത്തിന്റെയും മികവുറ്റ സേവനത്തിന്റെയും പാരമ്പര്യവുമായി പിട്ടാപ്പിള്ളിൽ ഏജൻസീസ് ഇന്ന് കേരളത്തിലെ 75 നഗരങ്ങളിലായി 89 ഷോറൂമുകളിലൂടെ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളും ഉത്തരവാദിത്തത്തോടെയുള്ള സേവനവും ലഭ്യമാക്കുന്നു. പാമ്പാടിയിലെ പുതിയ ഷോറൂമിന്റെ പ്രവർത്തനാരംഭത്തോടെ കേരളത്തിലെ റീട്ടെയിൽ വിപണിയിലെ സാന്നിധ്യം കൂടുതൽ ശക്തമാക്കുകയാണ് പിട്ടാപ്പിള്ളിൽ ഏജൻസീസ്.

മികച്ച ക്രെഡിറ്റ് സ്കോറുള്ളവർക്കും പ്രിയം സ്വർണ്ണവായ്പ; പകുതിയിലേറെ പേരും വീണ്ടും വായ്പയെടുക്കുന്നു

കൊച്ചി: രാജ്യത്തെ സ്വർണ്ണവായ്പാ വിപണി 2026ലും മികച്ച വളർച്ച രേഖപ്പെടുത്തിയതായും, മികച്ച ക്രെഡിറ്റ് സ്കോറുള്ളവരിൽ പകുതിയിലധികം പേരും 12 മാസത്തിനുള്ളിൽ വീണ്ടും സ്വർണ്ണവായ്പ എടുക്കുന്നതായും ട്രാൻസ്യൂണിയൻ സിബിലിന്റെ പുതിയ റിപ്പോർട്ട്. 'ലെൻഡിംഗ് അൺലോക്ക്ഡ്: ഗോൾഡ് ലോൺസ്, നവംബർ 2026' എന്ന റിപ്പോർട്ട് പ്രകാരം 2026 ഓഗസ്റ്റ് വരെയുള്ള സ്വർണ്ണവായ്പാ കുടിശ്ശിക മൂന്നിരട്ടി വർദ്ധിച്ച് 22.5 ലക്ഷം കോടി രൂപയിലെത്തി. രാജ്യത്ത് വായ്പയെടുക്കുന്നവരിൽ 21 ശതമാനം പേരും, അതായത് ഏകദേശം 5.5 കോടി പേർ സ്വർണ്ണവായ്പയെ ആശ്രയിക്കുന്നവരാണ്.

2026 ജൂണിൽ അവസാനിച്ച ത്രൈമാസത്തിൽ സ്വർണ്ണവായ്പാ വിതരണ മൂല്യം 12 ശതമാനം വർദ്ധിച്ച് 8.2 ലക്ഷം കോടി രൂപയായി. 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകളിൽ 19 ശതമാനം വളർച്ച രേഖപ്പെടുത്തിയത് വലിയ തുകകൾക്കായി ഉപഭോക്താക്കൾ സ്വർണ്ണപ്പണയത്തെ ആശ്രയിക്കുന്നതിന്റെ തെളിവാണ്. വായ്പയെടുക്കുന്നവരിൽ മൂന്നിൽ രണ്ട് ഭാഗവും ഗ്രാമീണ, അർദ്ധനഗര പ്രദേശങ്ങളിൽ നിന്നുള്ളവരാണ്; ഇതിൽ 40 ശതമാനത്തോളം സ്ത്രീകളാണ്. 800ന് മുകളിൽ സിബിൽ സ്കോറുള്ള വായ്പക്കാരുടെ എണ്ണം 40 ശതമാനമായി ഉയർന്നു. കുറഞ്ഞ റിസ്കുള്ള വായ്പക്കാരിൽ 2.5 ലക്ഷം രൂപ വരെ വായ്പയെടുത്തവരിൽ 57 ശതമാനം പേരും, അതിന് മുകളിൽ വായ്പയെടുത്തവരിൽ 54 ശതമാനം പേരും ഒരു വർഷത്തിനുള്ളിൽ വീണ്ടും സ്വർണ്ണവായ്പ എടുത്തിട്ടുണ്ട്. തിരിച്ചടവിലും മികച്ച പുരോഗതിയാണ് രേഖപ്പെടുത്തുന്നത്. 30 ദിവസത്തിന് മുകളിൽ കുടിശ്ശിക വരുത്തുന്നവരുടെ അനുപാതം 2025 ജൂണിലെ 2.0 ശതമാനത്തിൽ നിന്ന് 2026 ജൂണിൽ 1.4 ശതമാനമായി കുറഞ്ഞതായും റിപ്പോർട്ട് വ്യക്തമാക്കുന്നു.

ബജാജ് ഫിൻസെർവ് ബിസിനസ് സൈക്കിൾ ഫണ്ട് അവതരിപ്പിച്ചു

കൊച്ചി: വിവിധ സാമ്പത്തിക, ബിസിനസ് ചക്രങ്ങളിലെ നിക്ഷേപ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ബജാജ് അസറ്റ് മാനേജ്മെന്റ് ഈ ഓപ്പൺഎൻഡഡ് ഓഹരി പദ്ധതിയുടെ പ്രാരംഭ നിക്ഷേപ സമാഹരണം ഡിസംബർ 4ന് അവസാനിക്കും. വിവിധ വിപണി മൂലധന വിഭാഗങ്ങളിലുള്ള കമ്പനികളിലും നിക്ഷേപ ശൈലികളിലും നിക്ഷേപിക്കാൻ സൗകര്യമുള്ള ഈ പദ്ധതിയിൽ 500 രൂപ മുതൽ പ്രാരംഭ നിക്ഷേപം നടത്താം. സാമ്പത്തിക വളർച്ച, പലിശനിരക്കുകൾ, വായ്പാ പ്രവർത്തനങ്ങൾ, ഉപഭോഗം, കമ്പനികളുടെ വരുമാനം എന്നിവയിലുണ്ടാകുന്ന മാറ്റങ്ങൾ വിലയിരുത്തി വിവിധ മേഖലകളിലും അവയ്ക്കുള്ളിലെ വ്യത്യസ്ത വ്യവസായങ്ങളിലും നിക്ഷേപ വിഹിതം ക്രമീകരിക്കുകയാണ് ഫണ്ടിന്റെ ലക്ഷ്യം.

വിശാലമായ സാമ്പത്തിക സാഹചര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള വിശകലനവും കമ്പനി തലത്തിലുള്ള സൂക്ഷ്മ പരിശോധനയും സംയോജിപ്പിച്ചാണ് ഈ പദ്ധതിയുടെ നിക്ഷേപ തന്ത്രം രൂപപ്പെടുത്തിയിരിക്കുന്നത്. ബജാജ് അസറ്റ് മാനേജ്മെന്റിന്റെ സവിശേഷ നിക്ഷേപ തത്ത്വചിന്തയായ 'ഇൻക്യൂബ്' വഴി വിവരാധിഷ്ഠിത, അളവാധിഷ്ഠിത, പെരുമാറ്റപരമായ ഉൾക്കാഴ്ചകൾ പ്രയോജനപ്പെടുത്തി വിപണിയിലെ മുന്നേറ്റങ്ങളെ മുൻകൂട്ടി തിരിച്ചറിയാൻ സാധിക്കുമെന്ന് മാനേജിങ് ഡയറക്ടർ ഗണേഷ് മോഹനും ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ നിമേഷ് ചന്ദനും വ്യക്തമാക്കി.

ദീർഘകാല സമ്പത്ത് സൃഷ്ടി ലക്ഷ്യമിടുന്ന നിക്ഷേപകർക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഫണ്ടിൽ തവണകളായുള്ള നിക്ഷേപ, പിൻവലിക്കൽ സൗകര്യങ്ങളും ലഭ്യമാണ്. യൂണിറ്റുകൾ അനുവദിച്ച് മൂന്ന് മാസത്തിനുള്ളിൽ പിൻവലിച്ചാൽ ഒരു ശതമാനം പിൻവലിക്കൽ നിരക്ക് ബാധകമായിരിക്കും.



'കഭി ഖുഷി കഭി ഗം' 25ാം വാർഷികം: റായ്ചന്ദ് വീട് ആരാധകർക്കായി തുറക്കുന്നു

കൊച്ചി: 'കഭി ഖുഷി കഭി ഗം' സിനിമയുടെ 25ാം വാർഷികത്തോടനുബന്ധിച്ച്, റായ്ചന്ദ് വീട് പുനർനിർമ്മിച്ച് എയർബിഎൻബി ആരാധകർക്കായി തുറക്കുന്നു. സംവിധായകൻ കരൺ ജോഹർ ഹോസ്റ്റ് ചെയ്യുന്ന 'അറ്റ് ഹോം വിത്ത് ദ റൈചന്ദ്സ്' എന്ന പരിപാടി 2026 ഡിസംബർ 1 മുതൽ 6 വരെ മുംബൈയിലാണ് നടക്കുക.

രണ്ട് മണിക്കൂർ ദൈർഘ്യമുള്ള ഈ പരിപാടിയിൽ റായ്ചന്ദ് കുടുംബത്തിന്റെ പ്രൗഢിയാർന്ന പടിക്കെട്ട്, കുടുംബ പഠനമുറി, പൂവിന്റെ വസ്ത്രശേഖരം സൂക്ഷിച്ചിരിക്കുന്ന ക്ലോസറ്റ് എന്നിവ നേരിട്ട് കാണാനും അനുഭവിക്കാനും സാധിക്കും. ഓഡിയോ ടൂറിലൂടെയും മറ്റ് ആകർഷണങ്ങളിലൂടെയും സിനിമയിലെ പ്രധാന നിമിഷങ്ങൾ ആരാധകർക്ക് വീണ്ടും ഓർത്തെടുക്കാം.

ആകെ 180 പേർക്കാണ് പ്രവേശനം.ഓരോ ക്ഷണത്തിലും ഒരാൾക്കും ഒരു കൂട്ടുകാരനും പങ്കെടുക്കാം. നിരക്ക് സൗജന്യമാണെങ്കിലും മുംബൈയിലേക്കുള്ള യാത്രാ ചെലവ് അതിഥികൾ വഹിക്കണം.https://www.google.com/search?q=https%3A%2F%2Fairbnb.com%2Fk3g എന്ന വെബ്സൈറ്റ് മുഖേനെ ബുക്കിങ് ആരംഭിച്ചു.സജീവമായ എയർബിഎൻബി പ്രൊഫൈലും നല്ല അവലോകന ചരിത്രവും ഉള്ളവർക്കാണ് അവസരം ലഭിക്കുക.സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖയും നിർബന്ധമാണ്.

മൾട്ടിപ്പിൾ മൈലോമ ചികിത്സയ്ക്ക് പുതിയ മരുന്നുമായി ജിഎസ്കെ

കൊച്ചി: രക്താർബുദമായ മൾട്ടിപ്പിൾ മൈലോമയുടെ ചികിത്സയ്ക്കായി സിഡിഎസ്സിഒ അംഗീകാരം ലഭിച്ച ബ്ലെൻറെപ് ഇന്ത്യയിൽ അവതരിപ്പിച്ച് ജിഎസ്കെ. നേരത്തെ കുറഞ്ഞത് ഒരു ചികിത്സയെങ്കിലും സ്വീകരിച്ചിട്ടുള്ള രോഗികൾക്ക് മറ്റ് മരുന്നുകൾക്കൊപ്പം നൽകാവുന്ന ചികിത്സയാണിത്. ബെലന്റാമാബ് മഫോഡോട്ടിൻ അടങ്ങിയ ഈ മരുന്ന് ആന്റിബോഡി ഡ്രഗ് കോൺജുഗേറ്റ് (എഡിസി) സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ളതാണ്. മൂന്നാം ഘട്ട ക്ലിനിക്കൽ പരീക്ഷണങ്ങളായ ഡ്രീം7, ഡ്രീം8 എന്നിവയിൽ രോഗം മൂർച്ഛിക്കാതെ അതിജീവിക്കുന്ന കാലയളവിൽ ഗണ്യമായ പുരോഗതി മരുന്ന് പ്രകടമാക്കി. 30 മിനിറ്റ് ദൈർഘ്യമുള്ള ഔട്ട്പേഷ്യന്റ് ഇൻഫ്യൂഷനിലൂടെ മരുന്ന് നൽകാം. ഇന്ത്യയിൽ ഓങ്കോളജി മേഖലയിൽ ജിഎസ്കെ അവതരിപ്പിക്കുന്ന മൂന്നാമത്തെ നൂതന ചികിത്സയാണിത്.

443മത് തൃശൂർ ടൈറ്റൻസ് എലൈറ്റ് ക്രിക്കറ്റ് ടൂർണമെന്റ് കിരീടം മുത്തൂറ്റ് മൈക്രോഫിൻ സി സിക്ക്

കൊച്ചി: എറണാകുളം ക്രിക്കറ്റ് ക്ലബ് ഫൗണ്ടേഷൻ സംഘടിപ്പിച്ച 443 മത് തൃശൂർ ടൈറ്റൻസ് എലൈറ്റ് ക്രിക്കറ്റ് ടൂർണമെന്റിൽ മുത്തൂറ്റ് മൈക്രോഫിൻ ക്രിക്കറ്റ് ക്ലബ് എറണാകുളം ജേതാക്കളായി. ഫൈനലിൽ ലിറ്റിൽ മാസ്റ്റേഴ്സ് ക്രിക്കറ്റ് ക്ലബ് തിരുവനന്തപുരത്തെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് മുത്തൂറ്റ് മൈക്രോഫിൻ കിരീടം സ്വന്തമാക്കിയത്. വിജയികൾക്ക് കെ എ ദാമോദര മേനോൻ മെമ്മോറിയൽ ട്രോഫി സമ്മാനിച്ചു.

തൊടുപുഴ കെ സി എ ഗ്രൗണ്ടിൽ നടന്ന ഫൈനലിൽ ടോസ് നേടിയ ലിറ്റിൽ മാസ്റ്റേഴ്സ് ആദ്യം ബാറ്റ് ചെയ്ത് 44.3 ഓവറിൽ 251 റൺസിന് എല്ലാവരും പുറത്തായി. ജെ അനന്തകൃഷ്ണൻ 76 പന്തിൽ രണ്ട് സിക്സും എട്ട് ഫോറുമടക്കം 82 റൺസെടുത്തു. സിജോമോൻ ജോസഫ് 88 പന്തിൽ 53 റൺസും ആദിത്യ വിനോദ് 25 പന്തിൽ 29 റൺസും നേടി. എ കെ അർജുൻ 13 പന്തിൽ മൂന്ന് സിക്സും ഒരു ഫോറുമടക്കം 26 റൺസെടുത്തു. അതുൽ ഡയമണ്ട് സൗരിയും 26 റൺസ് നേടി.

മുത്തൂറ്റ് മൈക്രോഫിനായി മോനു കൃഷ്ണ ഏഴ് ഓവറിൽ 34 റൺസ് വഴങ്ങി അഞ്ച് വിക്കറ്റ് വീഴ്ത്തി. ജെറിൻ പി എസ് 7.3 ഓവറിൽ 40 റൺസ് വഴങ്ങി മൂന്ന് വിക്കറ്റ് സ്വന്തമാക്കി.

മറുപടി ബാറ്റിങ്ങിനിറങ്ങിയ മുത്തൂറ്റ് മൈക്രോഫിൻ 45.5 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 255 റൺസെടുത്ത് വിജയലക്ഷ്യം മറികടന്നു. ആനന്ദ് കൃഷ്ണ 86 പന്തിൽ അഞ്ച് സിക്സും ആറ് ഫോറുമടക്കം 88 റൺസുമായി മികച്ച പ്രകടനം കാഴ്ചവച്ചു. ആകാശ് സി പിള്ള 80 പന്തിൽ



എറണാകുളം ക്രിക്കറ്റ് ക്ലബ് ഫൗണ്ടേഷൻ സംഘടിപ്പിച്ച 443മത് തൃശൂർ ടൈറ്റൻസ് എലൈറ്റ് ക്രിക്കറ്റ് ടൂർണമെന്റ് ജേതാക്കളായ മുത്തൂറ്റ് മൈക്രോഫിൻ ക്രിക്കറ്റ് ക്ലബ്ബിനുള്ള കെ എ ദാമോദര മേനോൻ മെമ്മോറിയൽ ട്രോഫി ഇടുക്കി ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് മധു കെ യുവിൽ നിന്നും ക്യാപ്റ്റൻ എം അജ്നാസ് ഏറ്റുവാങ്ങുന്നു

രണ്ട് സിക്സും ഒമ്പത് ഫോറുമടക്കം 74 റൺസെടുത്തു. സഞ്ജയ് രാജ് 23 പന്തിൽ 30 റൺസും നേടി.

ലിറ്റിൽ മാസ്റ്റേഴ്സിനായി ആദിത്യ വിനോദ് എട്ട് ഓവറിൽ 29 റൺസ് വഴങ്ങി രണ്ട് വിക്കറ്റ് വീഴ്ത്തി.

ഫൈനലിലെ മികച്ച പ്രകടനത്തിന് മുത്തൂറ്റ് മൈക്രോഫിൻ താരം മോനു കൃഷ്ണയെ പ്ലെയർ ഓഫ് ദി ഫൈനലായി തെരഞ്ഞെടുത്തു. ജെ അനന്തകൃഷ്ണൻ (ലിറ്റിൽ മാസ്റ്റേഴ്സ്) മികച്ച ബാറ്ററായും ഇബ്നുൽ അഫ്താബ് മികച്ച ബൗളറായും തെരഞ്ഞെടുക്കപ്പെട്ടു. ടൈറ്റൻസ് സി സിയുടെ നിഹിലേശ്വർ വി എമർജിങ് പ്ലെയർ പുരസ്കാരവും ജോളി റോവേഴ്സിന്റെ ശ്രീരാഗ് വി കെ മികച്ച ഓൾറൗണ്ടർ പുരസ്കാരവും നേടി.

ഇടുക്കി ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് മധു കെ യു, സെക്രട്ടറി ബിജുമോൻ വി ആർ എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്ത് വിജയികൾക്കും വ്യക്തിഗത പുരസ്കാര ജേതാക്കൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.

ഇന്ത്യ,ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാർ കേരളത്തിലെ കയറ്റുമതി മേഖലയ്ക്ക് വൻ കുതിപ്പേകുമെന്ന് വിദഗ്ധർ

കൊച്ചി: കഴിഞ്ഞ ഒക്ടോബർ 20ന് പ്രാബല്യത്തിൽ വന്ന ഇന്ത്യ,ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാർ കേരളത്തിലെ കയറ്റുമതി മേഖലയ്ക്ക് വലിയ അവസരങ്ങളാണ് തുറന്നുനൽകുന്നതെന്ന് വ്യാപാര വിദഗ്ധർ. ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള സെന്റർ ഫോർ ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെന്റ് ലോയുമായി (സിടിഐഎൽ) സഹകരിച്ച് കൊച്ചിയിൽ സംഘടിപ്പിച്ച ശിൽപശാലയിലാണ് വിദഗ്ധർ ഇക്കാര്യം വ്യക്തമാക്കിയത്. ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിക്ക് ന്യൂസിലൻഡിൽ 100 ശതമാനം നികുതി രഹിത പ്രവേശനം ലഭിക്കുന്നത് കേരളത്തിൻറെ സുഗന്ധവ്യഞ്ജനങ്ങൾ, സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ, സ്പെഷ്യാലിറ്റി കോഫി, മറ്റ് കാർഷിക ഉൽപന്നങ്ങൾ എന്നിവയുടെ ആഗോള മത്സരക്ഷമത വർധിപ്പിക്കുമെന്ന് ശിൽപശാല വിലയിരുത്തി. ചെറുകിടഇടത്തരം സംരംഭങ്ങൾക്കും കാർഷിക കയറ്റുമതിക്കാർക്കും ഇത് വലിയ വളർച്ചയ്ക്ക് വഴിയൊരുക്കും.

പുതിയ കരാറിലൂടെ സുഗന്ധവ്യഞ്ജനം, പരമ്പരാഗത വെൽനെസ്, ഐടി, സേവന മേഖലകളിൽ കേരളത്തിന് വലിയ സാധ്യതകളാണുള്ളതെന്ന് ശിൽപശാലയിൽ മുഖ്യപ്രഭാഷണം നടത്തിയ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. എം. ബീന ചൂണ്ടിക്കാട്ടി. വിദേശ പങ്കാളികളുമായി സഹകരിച്ച് കൂടുതൽ നിക്ഷേപങ്ങളും ബിസിനസും ആകർഷിക്കാൻ സംസ്ഥാന സർക്കാരിന്റെ 'സരൾ കേരള' (പദ്ധതി വ്യവസായ ലോകം പ്രയോജനപ്പെടുത്തണമെന്നും അവർ പറഞ്ഞു.



ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള സെന്റർ ഫോർ ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെന്റ് ലോയുമായി (സിടിഐഎൽ) സഹകരിച്ച് കൊച്ചിയിൽ സംഘടിപ്പിച്ച ശിൽപശാല വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. എം. ബീന ഉദ്ഘാടനം ചെയ്യുന്നു. ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ മേധാവി സാവിയോ മാത്യു, ഫിക്കി കോ ചെയർ ചെറിയാൻ എം ജോർജ്, കസ്റ്റംസ് കമ്മിഷണർ ഡോ. ടി. ടിജു, സിടിഐഎൽ മേധാവി പ്രഫ. ഡോ. ജെയിംസ് ജെ. നെടുമ്പാറ, ഡെപ്യൂട്ടി ഡിജിഎഫ്ടി ഹസൻ ഉസൈദ് എൻ.എ എന്നിവർ സമീപം.

പല ഉൽപന്നങ്ങളുടെയും ഇറക്കുമതി തീരുവ പൂജ്യമാകുന്നതിലൂടെ കയറ്റുമതിക്കാർക്ക് കൂടുതൽ മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കാനും വിപണി കണ്ടെത്താനും സാധിക്കുമെന്ന് വിശിഷ്ടാതിഥിയായിരുന്ന കസ്റ്റംസ് കമ്മിഷണർ ഡോ. ടി. ടിജു അഭിപ്രായപ്പെട്ടു.

സേവന മേഖലയിലെ 118 ഉപവിഭാഗങ്ങളിൽ അവസരങ്ങൾ തുറക്കുന്നതിനൊപ്പം ആയുഷ്, ആയുർവേദ വെൽനെസ് കയറ്റുമതി പ്രോത്സാഹിപ്പിക്കാനും ഇന്ത്യൻ യുവാക്കൾക്കും പ്രൊഫഷണലുകൾക്കും വിദ്യാഭ്യാസതൊഴിൽ അവസരങ്ങൾ ഉറപ്പാക്കാനും കരാർ സഹായിക്കുമെന്ന് സിടിഐഎൽ മേധാവി പ്രഫ. ഡോ. ജെയിംസ് ജെ. നെടുമ്പാറ പറഞ്ഞു. നിലവിൽ ന്യൂസിലൻഡ് വിപണിയിൽ ഇന്ത്യയുടെ വിഹിതം 1.5 ശതമാനം മാത്രമാണെന്നും ഇന്ത്യൻ കമ്പനികളുമായി ചേർന്ന് പ്രവർത്തിക്കാൻ ന്യൂസിലൻഡ് നിക്ഷേപകർക്ക് കരാർ വലിയ അവസരമാണ് നൽകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിവിധ രാജ്യങ്ങളുമായി ഇന്ത്യ ഒപ്പുവച്ച സ്വതന്ത്ര വ്യാപാര കരാറുകളിലൂടെ കേരളത്തിൽ നിന്നുള്ള 'സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ' വിതരണത്തിൽ കഴിഞ്ഞ കുറച്ചുവർഷങ്ങളായി വലിയ വർധനവുണ്ടായതായി ഡെപ്യൂട്ടി ഡിജിഎഫ്ടി ഹസൻ ഉസൈദ് എൻ.എ ചൂണ്ടിക്കാട്ടി.

കരാറിനെക്കുറിച്ചുള്ള സാങ്കേതിക സെഷനും ട്രേഡ് റെമഡീസ് സെഷനും സിടിഐഎൽ വിദഗ്ധരായ റിധിഷ് രാജ്വംശി, സാത്വിക് ശേഖർ, തൻവി പ്രവീൺ എന്നിവർ നയിച്ചു. ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ മേധാവി സാവിയോ മാത്യു നന്ദി പറഞ്ഞു.

ലിബർട്ടി എറ്റേണിയ സ്കീം അവതരിപ്പിച്ച് ലിബർട്ടി ജനറൽ ഇൻഷുറൻസ്

കൊച്ചി: അടിയന്തര ഘട്ടങ്ങളിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും കുറഞ്ഞത് രണ്ടു രാത്രിയെങ്കിലും ചികിത്സയിൽ കഴിയുകയും വേണ്ടിവരുന്ന സാഹചര്യങ്ങളിൽ പോളിസി ഉടമകൾക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിനായി ലിബർട്ടി ജനറൽ ഇൻഷുറൻസ് 'ലിബർട്ടി എറ്റേണിയ' എന്ന പേരിൽ പുതിയ ഹോസ്പിറ്റൽ കാഷ് പദ്ധതി അവതരിപ്പിച്ചു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആരോഗ്യ ഇൻഷുറൻസ് ക്ലെയിമുകൾ ഉന്നയിക്കപ്പെടുന്നത് ഹോസ്പിറ്റൽ കാഷ് വിഭാഗത്തിലാണെന്നും, ഇത്തരം ക്ലെയിമുകളിൽ ഭൂരിഭാഗവും ചെറിയ തുകകളുടേതാണെന്നും കമ്പനി ചൂണ്ടിക്കാട്ടി. ഇത്തരം ചെറിയ ക്ലെയിമുകൾ പോലും ഉപഭോക്താക്കൾക്ക് വേഗത്തിലും ലളിതമായും ലഭ്യമാക്കുന്നതിനാണ് പുതിയ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്. ഇൻഷുറൻസ് പരിരക്ഷയുള്ള ഓരോ ദിവസത്തിനും പോളിസി ഉടമയുടെ അക്കൗണ്ടിലേക്ക് നേരിട്ട് പണം നൽകുന്നതാണ് പദ്ധതിയുടെ പ്രധാന സവിശേഷത. ഇതിനായി ഓരോ ക്ലെയിമിനും പ്രത്യേകം രേഖകൾ സമർപ്പിക്കേണ്ടതില്ല